(ബി) തെക്കുമ്പാട് പാലത്തിലൂടെയുള്ള ബസ് റൂട്ട് നിർത്തിവെയ്ക്കാൻ കാരണമെന്താണ്;

(സി) തെക്കുമ്പാട് പാലത്തിലൂടെയുള്ള ബസ് ഗതാഗതം പുനരാരംഭിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേടുപാടുകൾ മൂലം വണ്ടി ഓടുന്നില്ല. ഇതിനാൽ നികുതിയിളവിനുള്ള അപേക്ഷ നൽകി ഗാരേജിൽ ഇട്ടിരിക്കുകയാണ്.

(സി) നിലവിൽ ഓടിക്കൊണ്ടിരുന്ന ബസ് കേടുപാടുകൾ തീർത്ത് വീണ്ടും സർവ്വീസ് നടത്തുവാൻ ഉടമസ്ഥർ ബാദ്ധ്യസ്ഥരാണ്. പുതിയ ബസ് സർവ്വീസിന് അപേക്ഷ ലഭിച്ചാൽ പെർമിറ്റ് ലഭിക്കുന്നതിന് നിയമതടസ്സം ഇല്ല.

(ഡി) പകരം സർവ്വീസ് നടത്തുന്നതിന് കെ.എൽ. 13/എഫ്. 3767 നമ്പർ ബസിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പകരം വാഹനത്തിന്റെ റിക്കാർഡുകൾ ഹാജരാക്കി അപേക്ഷകൻ പെർമിറ്റ് കൈപ്പറ്റിയിട്ടില്ല.

നിസർവ് കണ്ടക്ടർമാരുടെ ലൈൻ ഡ്യൂട്ടി വ്യവസ്ഥ

74 [561] ശ്രീ. ചെർക്കളം അബ്ദുള്ള:
„ ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ റിസർവ് കണ്ടക്ടർ ആയി പി.എസ്.സി. വഴി നിയമനം ലഭിക്കുന്നവർക്ക് 240 ലൈൻ ഡ്യൂട്ടി വ്യവസ്ഥ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം നിയമനം ലഭിച്ചവരിൽ ആർക്കെങ്കിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മറ്റു വകുപ്പുകളിൽ ജോലി ലഭിക്കുകയാണെങ്കിൽ 240 ലൈൻ ഡ്യൂട്ടി ചെയ്യണമെന്ന നിബന്ധന ഒഴിവാക്കിക്കൊടുക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള നിയമനുസരിച്ചു കണ്ടക്ടർ/ഡ്രൈവർ തസ്തികയിലേയ്ക്ക് സ്ഥിരപ്പെടുത്തുന്നതിന് 240 ലൈൻ ഡ്യൂട്ടി ചെയ്തിരിക്കണമെന്ന് നിർബന്ധമാണ്. ഇത് ഒഴിവാക്കിക്കൊടുക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly